# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം .പി15/ 2596/ 2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/01/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

2.അഡീഷണൽ ഡെവലെപ്മെന്റ് കമ്മീഷണർ,(ജനറൽ),ഗ്രാമവികസനവകുപ്പ് കോട്ടയം

3.ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം .പി15/ 2596/ 2022 തീയ്യതി: 28/01/2023

## കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 28-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 28-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ ,ഓഡിറ്റ് ഓഫീസർ

ശ്രീ സുമേഷ് പി വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ആൽബിൻ സിറിയക് ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ബിനീത് രാജൻ ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ പി വി സുനിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഷിനോദ് പി ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം കെ സജീവ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി രേഖ റ്റി നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 15-11-2021 |
| ശ്രീമതി ബിജിമോൾ വി പി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-11-2021 | 13-01-2022 |
| ശ്രീമതി വിദ്യ വേലായുധൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-01-2022 | 31-03-2022 |
| ഡോ.സുധർമ്മിണി റ്റി തങ്കപ്പൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) അറുന്നൂറ്റിമംഗലം | 01-04-2021 | 31-03-2022 |
| ഡോ.ബിജു ജോൺ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) തലയോലപ്പറമ്പ് | 01-04-2021 | 31-03-2022 |
| ശ്രീ സതീഷ് കുമാർ കെ പി | ഡയറി എക്സ്ടെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അംബിക എൽ | ശിശുവികസന ഓഫീസർ | 01-04-2021 | 16-12-2021 |
| ശ്രീമതി ഷക്കീല കെ എ | ശിശുവികസന ഓഫീസർ | 16-12-2021 | 31-03-2022 |
| ശ്രീ ബാബു രാജ് ജി | അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 01-04-2021 | 31-03-2022 |
| ശ്രീമതി ജിഷാകുമാരി എം ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സന്തോഷ് കുമാർ എം | വ്യവസായ വികസന | 01-04-2021 | 02-02-2022 |

| | | | |
|---|---|---|---|
| ആർ | ഓഫീസർ | | |
| ശ്രീ ശരത് ലാൽ എസ് റ്റി | വ്യവസായ വികസന ഓഫീസർ | 21-02-2022 | 31-03-2022 |

02/02/2022 മുതൽ 20/02/2022 വരെ വ്യവസായ വികസന ഓഫീസർ തസ്തിക ഒഴിവായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാഹനത്തിന്റെ ഇൻഷുറൻസ് പുതുക്കൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 1-11 |
| 12 | സാക്ഷരത പ്രേരകുമാർക്ക് ഓണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല | 1-12 |
| 13 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം | 1-13 |
| 14 | പഠനമുറി നിർമ്മാണം പൂർത്തിയായില്ല. | 1-14 |
| 15 | സി.ഡി.പി.ഓ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളിലെ അപാകതകൾ | 1-15 |
| 16 | ഗ്രാമപഞ്ചായത്തിനുള്ളിലെ റോഡ് ടാറിംഗ്-മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല. | 1-16 |
| 17 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ | 1-17 |
| 18 | മാഞ്ഞൂർ പാട ശേഖരസമിതിയ്ക്ക് മെതിയന്ത്രം-തുക അടവാക്കിയത് , തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 19 | ആയാംകുടി -പള്ളിത്താഴം പാടശേഖരത്തിന് ബണ്ട് ബലപ്പെടുത്തൽ, പെട്ടി, പറ സ്ഥാപിയ്ക്കൽ --പെട്ടി,പറയുടെ പ്രവർത്തന തകരാർ പരിഹരിച്ചിട്ടില്ല. | 1-19 |
| 20 | പാടശേഖരങ്ങൾക്ക് മോട്ടോർ സ്ഥാപിയ്ക്കൽ-തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-20 |
| 21 | ആസ്തി സംരക്ഷണം -നടപടികൾ കാര്യക്ഷമമല്ല | 1-21 |
| 22 | കൊയ്ത്തുമെതിയന്ത്രം ലേലം- കമ്മിറ്റി തീരുമാനത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 1-22 |
| 23 | മരുന്നുകൾ ലഭ്യമായില്ല. | 1-23 |
| 24 | പി.എം.എ.വൈ പദ്ധതി- അവലോകനം | 1-24 |
| 25 | വിനിയോഗവിവരം ലഭ്യമാകാത്ത ബ്ളോക്ക് വിഹിതങ്ങൾ. | 1-25 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2021-22വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 23/03/2022 തീയതിയിലെ I-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (Budget) | 2021-22 R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2591596 | 2734014 |
| വരവ് | 240128353 | 58212606 |
| ആകെ | 242719949 | 60946620 |
| ചെലവ് | 242029476 | 54265498 |
| നീക്കിയിരിപ്പ് | 690473 | 6681122 |

ബജറ്റ് പ്രകാരം24.01കോടി രൂപയുടെ പ്രതീക്ഷിത വരവും 24.20 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 5.12കോടി രൂപയും ചെലവ്5.22കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റിനു സമർപ്പിച്ച ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 31/03/2022-ൽ നിലനിൽക്കുന്നതും 2021-22 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികത വ്യക്തമല്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ് മുന്നിരിപ്പ് തൻവർഷ ഇടപാടുകൾ എന്നിവയുടെ ആധികാരികത വ്യക്തമല്ല.
4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.
6. ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ

ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

7. Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും മുന്നിരിപ്പിന്റെയും കൃത്യത വിശദീകരിച്ചിട്ടില്ല.

8. MNREGS ഫണ്ടിന്റെ വിനിമയം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിശ്ചിത ശീർഷകത്തിൽ(320100101) അക്കൗണ്ട് ചെയ്യുകയും പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമായിരുന്നു.

9.09/04/2021 ലെ 121060900001 രസീത് പ്രകാരം 20000 രൂപ ടോട്ടൽ സാനിട്ടേഷൻ ശീർഷകത്തിൽ വരവായതായിട്ടുണ്ടെങ്കിലും മേൽ തുക രസീത് & പേയ്മെന്റ് കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

10. റസീറ്റ് & പേയ്മെന്റ് കണക്കുകളിലെ Fund For Transferred Institutions – Social Welfare (160100206) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 529066 രൂപയുടെ കൃത്യത വ്യക്തമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2734014 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58212606 |
| ആകെ | 60946620 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54265498 |
| നീക്കിയിരിപ്പ് | 6681122 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4019006 |

## 1-4 ഫണ്ട് വിനിയോഗം

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20815815 | 20815815 | 18107449 | 2708366 | 87 |
| വികസന ഫണ്ട്-SCP | 0 | 12602000 | 12602000 | 12577474 | 24526 | 99 |
| വികസന ഫണ്ട്-TSP | 0 | 57000 | 57000 | 57000 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 7977421 | 7977421 | 2361805 | 5615616 | 30 |
| ധനകാര്യ കമ്മീഷൻ | 0 | 4309969 | 4309969 | 4274828 | 35141 | 99 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്(Untied) | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 6500569 | 6500569 | 4349988 | 2150581 | 67 |
| TSC | 593571 | 39810 | 633381 | 23601 | 609780 | |
| പ്രത്യേക ഫണ്ട് | 290863 | 224954 | 515817 | 507992 | 7825 | |
| എം.പി-എം.എൽ.എ ഫണ്ട് | 139344 | 4191(interest) | 143535 | ---- | 143535 | |
| കൊയ്ത്തുമെതിയന്ത്രത്തിന്റെ വാടക | 534145 | 14527(interest) | 548672 | 2296 | 546376 | |

- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്ട് വിശദാംശങ്ങൾ(നം., പേര്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്) എല്ലാം ഉൾപ്പെടുത്തി എ.സി.ആർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ സംസ്ഥാന സർക്കാർ ഗ്രാന്റ് ഒഴികെ മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ മുന്നിരിപ്പിന്റെ ആധികാരികത വ്യക്തമല്ല.
- 31.-3.2022ലെ 2617/2022ഉത്തരവു പ്രകാരം ലഭിച്ച 850711/-(SCP)രൂപയും, 21450/-(TSP)രൂപയും ഗ്രാന്റ് പത്രിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗത്തിന്റെ കൃത്യത വ്യക്തമാക്കുന്ന 2021-22 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിങ്ങനെ എല്ലാ വിശദാംശവും ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും എ.സി.ആർ. തയ്യാറാക്കി ഹാജരാക്കേണ്ടതാണ്. ഫണ്ട് വിനിയോഗ കണക്കുകളിൽ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 81898/DPC/DPO/KTM തീയതി 18.02.2022പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 18.01.2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 20.01.2021 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 01.01.2021 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 03.02.2021 |
| വികസനസെമിനാർ | 18.02.2021 |

ജനങ്ങളുടെ സാമ്പത്തിക വികസനത്തിന്റെ വളർച്ചയോടൊപ്പം സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ2021-22വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 87473271/- രൂപ-യും ആകെ ചെലവ് 46553229/- രൂപയുമാണ്. ചെലവുശതമാനം54. അംഗീകാരം ലഭിച്ച 106 പ്രോജക്ടുകളിൽ100 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്റ്റിന്റെ | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | എണ്ണം | എണ്ണം | | | |
| ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | 4 | 3 | 1683220 | 1578200 | 94 |
| പട്ടികജാതി വികസനഓഫീസർ | 3 | 3 | 7570000 | 7170000 | 95 |
| മെഡിക്കൽ ഓഫീസർ സി എച്ച് സി | 14 | 12 | 4525923 | 3693101 | 81 |
| അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 3 | 2 | 2680000 | 2180000 | 81 |
| സെക്രട്ടറി | 28 | 22 | 43310550 | 16149836 | 38 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 3 | 6007900 | 3045000 | 51 |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | 3 | 3 | 370000 | 340048 | 92 |
| അസിസ്റ്റന്റ്എഞ്ചിനീയർ | 43 | 36 | 20425678 | 12201544 | 60 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 900000 | 195500 | 22 |
| ആകെ | 103 | 85 | 87473271 | 46553229 | 54 |

വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും ഗ്രൂപ്പുകളിലെ അഭിപ്രായങ്ങളിൽ പലതും പ്രോജക്ട് രൂപീകരണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഈ പ്രവർത്തനങ്ങളും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി

പരാമർശമില്ല.

1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2022 ,3 പി.എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം തുകകൾ ലഭ്യമായിരുന്നില്ല എന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. വൗച്ചറുകളിൽ നം./തീയതി രേഖപ്പെടുത്തുന്നില്ല. വൗച്ചറുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല. സാംഖ്യയിൽ ലഭ്യമാകുന്ന പേയ്മെന്റ് വൗച്ചറുകളും വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബി4 ഷെഡ്യൂളിലെ ബാദ്ധ്യതകളുടെ വിവരം കാണിക്കുന്ന എസിആർ,

അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയ അനുബന്ധരജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു. മരാമത്ത് വേലകളിൽ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചതിന് ശേഷം മിക്ക പ്രോജക്ടുകളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതായി കാണുന്നു. വർക്ക് സൈറ്റ് കൃത്യമായി പരിശോധിച്ച് എസ്റ്റിമേററ് തയ്യാറാക്കാത്തതുമൂലമാണ് ഇത് സംഭവിക്കുന്നത്. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വരുന്നില്ല. ഭാഗികമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.07.2019 മുതൽ 15.07.2019 വരെ | 01.04.2018 മുതൽ 31.03.2019 വരെ | 02.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2018 മുതൽ 21.03.2018 വരെ | 2013-14 മുതൽ 2017-18 വരെ | 25.04.2018 |

1-11 വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ-36-എ 9116 നമ്പർ വാഹനത്തിന്റെ ഇൻഷ്വറൻസ് കാലാവധി (പോളിസി നമ്പർ 130052110871) 22/04/2021 തീയതി അവസാനിക്കുന്നതിനാൽ 13337 രൂപ ഒടുക്കി പോളിസി പുതുക്കണമെന്ന കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെൻറിന്റെ റിന്യൂവൽ നോട്ടീസ് പ്രകാരം 13337 രൂപ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെൻറിന്റെ 708011400000261 നമ്പർ അക്കൗണ്ടിലേക്ക് (01/09/21 തീയതിയിലെ പ്രോസീഡിംഗ്സ് നം എ 56/2021 , റെഫറൻസ് നം 2021220905B000115653) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെൻറിന്റെ 21.10.2021 തീയതിയിലെ DIO/KTM /K4/T051907135 നമ്പർ കത്ത് മുഖേന കെ.എൽ-36-എ 9116 നമ്പർ വാഹനത്തിന് NCBക്ക് അർഹതയില്ലാത്തതിനാൽ ഇൻഷ്വറൻസ് പ്രീമിയം 17506 രൂപ ആയിരുന്നുവെന്നും ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യേണ്ടതിനായി ബാക്കി തുകയായ 4169 രൂപ (17506-13337= 4169) കൂടി അടവാക്കേണ്ടതാണെന്നും അറിയിച്ചത് പ്രകാരം 4169 രൂപ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിലേക്ക് ഒടുക്കിയിട്ടുണ്ട്( വൗച്ചർ നമ്പർ 22100391 തീയതി 28.10.21 ). ഇപ്രകാരം പ്രസ്തുത വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി 17506 രൂപ (13337+4169= 17506) കെ.എസ്.ഐ.ഡിയിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും ലഭ്യമായ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റിൽ (കെ.എസ്.ഐ.ഡി യുടെ 10.11.21 തീയതിയിലെ 130052115123 നമ്പർ സർട്ടിഫിക്കറ്റ്) 13337 രൂപ മാത്രമാണ് പ്രീമിയം തുകയായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 13/26.12.22) അധികമായി അടച്ച തുക റീഫണ്ട് ചെയ്ത് നൽകണമെന്ന് കാണിച്ച് ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. വാഹനത്തിന്റെ ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ അധികം നൽകിയ 4169 രൂപ തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-12 സാക്ഷരത പ്രേരകുമാർക്ക് ഓണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല

സാക്ഷരത പ്രേരകുമാർക്കുള്ള ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ഫണ്ട്

ലഭ്യമാകുന്ന മുറയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് നല്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626/2021/ ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഷീല കെ.എൻ, ബിന്ദുമോൾ എന്നീ സാക്ഷരത പ്രേരകുമാർക്ക് 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഓണറേറിയം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബിൽ വിശദാംശങ്ങൾ | പ്രേരക് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | വൗച്ചർ നം :2210001 തീയതി 16.04.21, തുക-54050 (സി.ബി.വി2/21-22) . ചെക്ക് നം 2484607 തീയതി 09.04.21 തുക-54050 | ഷീല കെ.എൻ | 23450 | 2020 ഡിസംബർ, 2021 ജനുവരി, 2021 ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയം |
| 2 | വൗച്ചർ നം :2210002 തീയതി 16.04.21, തുക-54050 (സി.ബി.വി2/21-22) . ചെക്ക് നം 2484607 തീയതി 09.04.21 തുക-54050 | ബിന്ദുമോൾ | 30600 | 2020 ഡിസംബർ, 2021 ജനുവരി, 2021 ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയം |
| 3 | വൗച്ചർ നം :22100113 തീയതി 04.06.21, തുക-20000 (സി.ബി.വി20/21-22) . ചെക്ക് നം 2484625 തീയതി 02.06.21 തുക-20000 | ഷീല കെ.എൻ | 8750 | 2021 മാർച്ച് മാസത്തെ ഓണറേറിയം |
| 4 | വൗച്ചർ നം :22100114 തീയതി 16.04.21, തുക-20000 (സി.ബി.20/21-22) . ചെക്ക് നം 2484625 തീയതി 02.06.21 തുക-20000 | ബിന്ദുമോൾ | 11250 | 2021 മാർച്ച് മാസത്തെ ഓണറേറിയം |
| | ആകെ | | 74050 | |

വൗച്ചറുകൾ പരിശോധിച്ചതിൽ പ്രേരക് മാർക്ക് ഓണറേറിയം നൽകാൻ ചെലവഴിച്ച തുക തിരികെ ലഭിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/26.12.22) പ്രേരക് മാർക്ക് നൽകിയ ഓണറേറിയം തിരികെ ലഭിച്ചിട്ടില്ലയെന്നും ആയത് തിരികെ ലഭ്യമാകുന്ന മുറക്ക് റീക്ലപ്പ് ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

### 1-13 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം

കടുത്തുരുത്തി എബനേസർ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തനം ആരംഭിച്ച സി.എഫ്.എൽ.റ്റി.സി യുടെ ചുമതല കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ 21.4.21 ലെ DM1 2717/2020/CFLTC നമ്പർ ഉത്തരവ് പ്രകാരം കൈമാറി. ഓഡിറ്റ് വർഷം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉത്തരവ് നമ്പർ | തുക |
|---|---|
| DM1 -6182/2020 Dt 12.5.21 | 500000/- |
| DM1 -6182/2020 Dt 2.8.21 | 500000/- |
| DM1 -6182/2020 Dt 20.1.22 | 500000/- |
| ആകെ | 1500000/- |

മേൽ തുകകൾ പൂർണ്ണമായി ചെലവഴിച്ച് വിനിയോഗവിവരം ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് നമ്പർ 52/22 പ്രകാരം വികസനഫണ്ടിൽ നിന്നും 1000000/- രൂപയും തനത് ഫണ്ടിൽ നിന്നും 16,12,903 - രൂപയും ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവ് തുകയായ 41,45,353/- യുടെയും വൗച്ചറുകൾ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. 2021-22 വർഷത്തെ വരവ് ചെലവ് തുകകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വരവ് | 15,00000/- |
| ആകെ ചെലവ് | 41,45,353/- |
| ബാലൻസ് കിട്ടാനുള്ളത് (പ്രോജക്ട് നമ്പർ 52/22 പ്രകാരം ചെലവഴിച്ച 10 ലക്ഷം രൂപ കിഴിച്ച്) | 16,45,353/- |

ബാലൻസ് കിട്ടാനുണ്ടായിരുന്ന 16,45,353/- രൂപ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ DM1 6182/2020 Dt 19.8.22 പ്രകാരം 2022-2023 വർഷം ബ്ളോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്.

### 1-14 പഠനമുറി നിർമ്മാണം പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി,42/21-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് (എസ് സി എസ് പി) |
| ചെലവ് | 3300000 |
| ബിൽ നമ്പർ | 14/26.10.2021 |

മേൽ പ്രോജക്ട് പ്രകാരം ശ്രീ അരുൺകുമാർ സി എസ്സ്, ചാലുകരയിൽ വട്ടകുന്നപ്പുഴ എന്ന വ്യക്തിക്ക് 50000/- രൂപ വിതരണം ചെയ്തതായി കാണുന്നു. പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തിയായതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/26.12.2022) ലഭ്യമാക്കിയ മറുപടിയിൽ സ്പിൽ ഓവറായി പ്രോജക്ട് ഉൾപ്പെടുത്തി പഠനമുറി നിർമ്മാണം നടന്നുവരുന്നതായി അറിയിച്ചു. നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-15 സി.ഡി.പി.ഓ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളിലെ അപാകതകൾ

സി.ഡി.പി.ഓ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | പ്രോജക്ട് വിവരങ്ങൾ | ബിൽ വിവരങ്ങൾ | ചെലവ് (രൂപ) | അപാകത |
|---|---|---|---|---|
| 1 | പ്രോജക്ട് നം 121/21-22 – ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം-ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറൽ. | ബിൽ നം 2/21-22 തീയതി 16.02.22 , 307900 രൂപ | 307900-പൊതുവിഭാഗം ജനറൽ | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| 2 | പ്രോജക്ട് നം 15/21-22 – അനുപൂരക പോഷകാഹാര പരിപാടി | അലോട്ട്മെന്റ് ട്രാൻസ്ഫർ ആയതിനാൽ ബിൽ വിവരങ്ങൾ ലഭ്യമല്ല | 100000-പൊതുവിഭാഗം ജനറൽ | ” |

വിനിയോഗ സാക്ഷ്യപത്രവും ചെലവ് രേഖകളും ഹാജരാക്കാത്തതിനാൽ 407900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/26.12.22) വിനിയോഗ സാക്ഷ്യപത്രവും ചെലവു രേഖകളും ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്തിനുള്ളിലെ റോഡ് ടാറിംഗ്-മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 115/22 |
| പ്രോജക്ടിന്റെ പേര് | കൊല്ലം പറമ്പ് -മണിയാം തുരുത്ത് റോഡ് ടാറിംഗ്, കല്ലറ വാർഡ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ തുക | 500000(പദ്ധതി വിഹിതം ) |
| ചെലവ് | 450709/- |
| ബിൽ നമ്പർ , തീയതി | (Bill No-299/24.03.2022) |

റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുക്കുമ്പോൾ 29.01.2018 ലെ തസ്വഭവ 11/2018 നമ്പർ ഉത്തരവു പ്രകാരവും , കേരള പഞ്ചായത്തു രാജ് ആക്ട് 172-ാം വകുപ്പ് ഒന്നാം ഉപ വകുപ്പ് നാലാം പട്ടിക പ്രകാരവും ചുവടെ സൂചിപ്പിയ്ക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിയ്ക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളുടെയും ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളുടെയും പരിപാലനം മാത്രമെ ഏറ്റെടുക്കാവൂ

2. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രം വാങ്ങിയിരിയ്ക്കണം

3. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട റോഡ് ആയിരിയ്ക്കണം.

മേൽ സൂചിത നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിനായിനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (3/24.12.2022)മറുപടി ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്.

1-17 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 102/22 |
| പ്രോജക്ടിന്റെ പേര് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| അടങ്കൽ തുക | 150000( റോഡിതര ഗ്രാന്റ് ) |
| ചെലവ് | 148198/- |
| ബിൽ നമ്പർ , തീയതി | - -( 201/27.1.22 തുക45060/-202 /27.1.22 തുക 40036/-,203/27.1.22 തുക-23305/-) |

2021-22 വർഷം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽസൂചിത പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.കെൽട്രോണിൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2.ചെലവ് പത്രിക പ്രകാരം148198/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയതായി വ്യക്തമാണ്. എന്നാൽ 108401രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയതിന്റെ രേഖകൾ മാത്രമെ ഫയലിൽ കാണുന്നുള്ളൂ. 39797രൂപയുടെ ഉപകരണങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

3.പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ നേരിട്ടു വാങ്ങുമ്പോൾ 08.12.2018ലെ സ ഉ.(കൈ) 1/2016 എസ്.പി.ഡി പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (4/24.12.2022) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 148198/- രൂപയുടെ ചെലവ് (39797 രൂപ ഉൾപ്പെടെ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 മാഞ്ഞൂർ പാട ശേഖരസമിതിയ്ക്ക് മെതിയന്ത്രം-തുക അടവാക്കിയത് , തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മാഞ്ഞൂർ പാട ശേഖരസമിതിയ്ക്ക് മെതിയന്ത്രം വാങ്ങുന്നതിന് കേരള ആഗ്രോ ഇൻഡസ്ടീസ് കോർപ്പറേഷൻ ലിമിറ്റഡിൽ 99500/-രൂപ അടച്ചിരുന്നു. ടി തുക പലിശ സഹിതം തിരികെ ഈടാക്കാൻ 05.03.2020ലെ 4(1)നമ്പർ കമ്മറ്റി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനവുമായി നിരവധി കത്തിടപാടുകൾ നടത്തിയതായും , കേരള ആഗ്രോ ഇൻഡസ്ടീസ് കോർപ്പറേഷൻ ലിമിറ്റഡിൽ അടവാക്കിയ തുക തിരികെ നൽകുവാൻ

കഴിയുകയില്ലെന്നും അടവാക്കിയ തുകയ്ക്ക് Weed Cutter, Mini Tiller, Sprayer തുടങ്ങിയ കാർഷികോപകരണങ്ങൾ നൽകാമെന്ന് ടി സ്ഥാപനം അറിയിച്ചിട്ടുള്ളതായും സെക്രട്ടറി കമ്മറ്റിയെ അറിയിച്ചിരുന്നു. കാർഷികോപകരണങ്ങൾ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (6/24.12.2022)മറുപടി ലഭ്യമാക്കിയില്ല . 99500 രൂപയും പലിശയും ഉൾപ്പെടുന്ന തുകയ്ക്ക് കാർഷികോപകരണങ്ങൾ ലഭ്യമാക്കുകയോ തുക ഈടാക്കാനുള്ള സത്വരനടപടികൾ സ്വീകരിയ്ക്കുകയോ ചെയ്യേണ്ടതാണ്.

1-19 ആയാംകുടി -പള്ളിത്താഴം പാടശേഖരത്തിന് ബണ്ട് ബലപ്പെടുത്തൽ, പെട്ടി, പറ സ്ഥാപിയ്ക്കൽ --പെട്ടി,പറയുടെ പ്രവർത്തന തകരാർ പരിഹരിച്ചിട്ടില്ല.

ബ്ളോക്ക് പഞ്ചായത്തിന്റെ മുൻ വാർഷിക പദ്ധതിയിൽ (2020-21)ഉൾപ്പെടുത്തി നടപ്പിലാക്കിയ (പ്രോജക്ട് നമ്പർ 72/21 തുക497090/-) ആയാംകുടി പള്ളിത്താഴം പാട ശേഖരത്തിന്റെ ബണ്ട് ബലപ്പെടുത്തൽ, പെട്ടി-പറ സ്ഥാപിയ്ക്കൽ എന്ന പ്രോജക്ട് പ്രകാരം ഘടിപ്പിച്ച പെട്ടി-പറ (ഓഡിറ്റ വർഷമായിരുന്ന പെട്ടി-പറ സ്ഥാപിച്ചത്) ശരിയായി പ്രവർത്തിയ്ക്കാത്തതിനാൽ പാട ശേഖരത്തിന് കനത്ത നഷ്ടം സംഭവിച്ചുവെന്ന് 12.11.2021ലെ 1/2നമ്പർ കമ്മിറ്റി തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയത് വിശദമായി പരിശോധിച്ച് പെട്ടി- പറയുടെ തകരാർ പരിഹരിയ്ക്കേണ്ടത് അനിവാര്യമാണെന്ന് കമ്മറ്റി വിലയിരുത്തിയിട്ടുണ്ട്. കമ്മിറ്റി തീരുമാനത്തിന്റെ തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ (7/24.12.2022) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വരശ്രദ്ധ മേൽ വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

1-20 പാടശേഖരങ്ങൾക്ക് മോട്ടോർ സ്ഥാപിയ്ക്കൽ-തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 83/22 |
| പ്രോജക്ടിന്റെ പേര് | ആയാം കുടി, പട്ടമനത്താഴം, മാത്താങ്കൽ-സി ബ്ളോക്ക് എന്നീ പാട ശേഖരങ്ങൾക്ക് വാച്ചാൽ നിർമ്മാണവും മോട്ടോർ സ്ഥാപിയ്ക്കലും കടുത്തുരുത്തി വാർഡ്-15 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ തുക | 450000(പദ്ധതി വിഹിതം )<br>50000(തനതുഫണ്ട്) |
| ചെലവ് | 450000/- Bill No-316/28.03.2022),<br>45804/- ചെക്ക് നം. 95283/27.03.22 |

ആയാംകുടി, പട്ടമനത്താഴം, മാത്താങ്കൽ-സി ബ്ളോക്ക് എന്നീ പാട ശേഖരങ്ങൾക്ക് വാച്ചാൽ നിർമ്മാണവും മോട്ടോർ സ്ഥാപിയ്ക്കലും കടുത്തുരുത്തി വാർഡ്-15 എന്ന പ്രോജക്ട് മുൻ വർഷം 76/21നമ്പരായി ആരംഭിയ്ക്കുകയും പ്രസ്തുത പ്രോജക്ടിനായി 510090രൂപ ചെലവഴിച്ച് (ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള തുകയാണ്)RAIDCOയിൽ നിന്നും പെട്ടി, പറ വാങ്ങുകയും ചെയ്തതായി 27.07.2020 ലെ ഇൻവോയിസ് പ്രകാരം സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് 2021-22-ൽ സ്പിൽ ഓവറായി തുടരുകയും ( 83/22) പ്രോജക്ടിനായി വാങ്ങിയ 5HPമോട്ടോർ പാടശേഖരസമിതിയ്ക്ക് കൈമാറിയതായും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മോട്ടോർ വാങ്ങിയ വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിയ്ക്കുന്ന അപാകതകൾ നിലനില്ക്കുന്നു.

1. മുൻ വർഷം വാങ്ങിയ പെട്ടി-പറ നിലവിൽ പ്രവർത്ത ക്ഷമമാണോ എന്നതിന്റെയും വിവരങ്ങൾ പാടശേഖരസമിതിയുമായി കരാർ ചമച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

2.ഓഡിറ്റ വർഷം പാടശേഖരസമിതിയ്ക്ക് നൽകിയ പമ്പുസെറ്റ് നിലവിൽ പ്രവർത്ത ക്ഷമമാണോ എന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല

3. വാങ്ങിയ പമ്പ് സെറ്റുകളുടെ എണ്ണം. അവ ഘടിപ്പിച്ചതിന്റെയും, കരാർ ചമച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

4.മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിയ്ക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ (8/24.12.2022)നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിനായുള്ള 495804/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ആസ്തി സംരക്ഷണം -നടപടികൾ കാര്യക്ഷമമല്ല

സ. ഉ. (കൈ) നം. 11/ത.സ്വ.ഭ.വ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾ പ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബ്ളോക്ക്പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചതായി കാണുന്നില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ. എസ്. ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/ 2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ബ്ളോക്ക് പഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ആസ്തി സംരക്ഷണം ബ്ളോക്ക്പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ വർഷം ബ്ളോക്ക്പഞ്ചായത്ത് ഏറ്റെടുത്തു നടത്തിയ/ നടത്താനായി തുക വകയിരുത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ (9/24.12.2022)നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല.

1.ആറാട്ടു മണപ്പുറം ഗ്രൗണ്ട് നവീകരണം (85/22)

2.ഡിഇ ഓഫീസ് ഓഫീസ് അറ്റകുറ്റപ്പണി ( 80/22)

3.സി.ഡി.പി.ഒ ഓഫീസ് നവീകരണം (84/22)

4.പ്ലാസ്റ്റിക് ഷ്റെഡിംഗ് യൂണിറ്റ് അനുബന്ധ സൗകര്യം മെച്ചപ്പെടുത്തൽ (65/22)

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ /ബ്ളോക്ക്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 കൊയ്ത്തുമെതിയന്ത്രം ലേലം- കമ്മിറ്റി തീരുമാനത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്തിലെ ഉപയോഗശൂന്യമായ കൊയ്ത്തുമെതിയന്ത്രം ലേലം ചെയ്യുന്നതിന് യന്ത്രത്തിന്റെ Uneconomic സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് PWD Mechanical Division നുമായി ബന്ധപ്പെടേണ്ടതാണെന്ന് 17.11.2021ലെ ADA KDY-530/09നമ്പർ കത്ത് പ്രകാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കിയിരുന്നു. PWD Mechanical Division പ്രസ്തുത മെഷീൻ പരിശോധിച്ച് 03/04/2021 നൽകിയ റിപ്പോർട്ട് പ്രകാരം കൊയ്ത്തു മെതി യന്ത്രത്തിന്റെ ബോഡി പൂർണ്ണമായും തുരുമ്പ് പിടിച്ച് ദ്രവിച്ചതായും ട്രാക്ക് , ചെയ്സ് റോളർ എന്നിവ റിപ്പയർ ചെയ്തു നന്നാക്കാൻ പറ്റാത്ത വിധം നശിച്ചിരിയ്ക്കുകയാണെന്നും വ്യക്തമാക്കിയിട്ടുണ്ട് . കമ്മിറ്റി ആയത് വിശദമായി പരിശോധിച്ച യന്ത്രം ലേലം ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുവാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്. (24/11/2021 ലെ 8/1നമ്പർ കമ്മിറ്റി തീരുമാനം). എന്നാൽ ലേലം ചെയ്യുന്നതിന് നടപടി നാളിതു വരെ സ്വീകരിച്ചിട്ടില്ല. വർഷങ്ങൾക്ക് മുൻപ് വൻ തുക (10,00,000 രൂപ) ചെലവഴിച്ച് വാങ്ങിയ കൊയ്ത്തുമെതിയന്ത്രം ഉപയോഗ ശൂന്യമായി എന്ന റിപ്പോർട്ട് ലഭിച്ചതിനാൽ അറ്റകുറ്റപ്പണിയ്ക്കായി തുക ചെലഴഴിക്കാതെ, ലേലം ചെയ്ത് തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-23 മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 3/21-22 സി എച്ച് സി അറുനൂറ്റിമംഗലത്തിലേയ്ക്ക് ആവശ്യമായ മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) അറുനൂറ്റിമംഗലം |
| ചെലവ് | 599823 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നമ്പർ | 10/ 23.07.21 – 300000/-<br>11/23.07.21 – 79954/-<br>33/14.12.21 – 19869/-<br>50/08.03.22 - 200000/- |

മേൽ പ്രോജക്ടിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിന് 500000 രൂപയും സപ്ലൈകോയ്ക്ക് 99823/- രൂപയും മുൻകൂറായി നൽകിയിരുന്നു. കേരള മെഡിക്കൽ സർവീസസ് കേർപറേഷനു നൽകിയ 500000/- രൂപയിൽ 61113/- രൂപയുടെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/23.12.2022) ലഭ്യമാക്കിയ മറുപടിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ മരുന്ന് സ്റ്റോക്ക് ഇല്ലാത്തതിനാലാണ് മരുന്ന് ലഭ്യമാക്കാത്തതെന്ന് അറിയിച്ചു. മരുന്നുകൾ പൂർണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 61113/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 പി.എം.എ.വൈ പദ്ധതി- അവലോകനം

പി.എം.എ.വൈ പദ്ധതിക്കായി ജനറൽ, എസ്.സി വിഭാഗങ്ങളിലായി തൻവർഷം 37 ഗുണഭോക്താക്കൾ ബ്ളോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ആയതിൽ 30 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി. 7 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയ തുക സ്റ്റേജ് | വിഭാഗം |
|---|---|---|---|
| 1 | ഉണ്ണിക്കുട്ടൻ ഉണ്ണിഭവൻ | വെള്ളൂർ 376000/- റൂഫ് ലെവൽ | എസ്.സി |
| 2 | ജാനകി പറമറ്റത്തിൽ | ഞീഴൂർ 98000/- അടിത്തറ | എസ്.സി |
| 3 | തങ്കമ്മ കുട്ടൻ കോഴിക്കോടൻതറ | തലയോലപ്പറമ്പ് 160000/- അടിത്തറ | എസ്.സി |
| 4 | നിർമ്മലാഗോപി, തെക്കിനേഴത്ത് | തലയോലപ്പറമ്പ് 246000/- റൂഫ് ലെവൽ | എസ്.സി |
| 5 | ഓമനാകുട്ടൻ, വാകത്തുരുത്തിൽ | തലയോലപ്പറമ്പ് 160000/- അടിത്തറ | എസ്.സി |
| 6 | ഷാനോ കാലായിൽ | തലയോലപ്പറമ്പ് 160000/- അടിത്തറ | എസ്.സി |
| 7 | ജിജിമോൾ ,തറയിൽ | തലയോലപ്പറമ്പ് 376000/- റൂഫ് ലെവൽ | ജനറൽ |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 വിനിയോഗവിവരം ലഭ്യമാകാത്ത ബ്ളോക്ക് വിഹിതങ്ങൾ.

തൻവർഷം സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക കൈമാറിയിട്ടുണ്ട്. ആയതിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 32/22 ഐ.കെഎം വിഹിതം | 35591/- വികസനഫണ്ട് (ജനറൽ) | 15/9.7.21 | ഐ.കെഎം |
| 2 | 55/22 മുളക്കുളം ഗ്രാമപഞ്ചായത്ത് പൊതുശ്മശാനം ആധുനിക വൽക്കരണം. | 200000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 315/27.3.22 | കോസ്റ്റ് ഫോർഡ് |
| 3 | 38/22 ,ക്യാൻകോട്ടയം ഫിറ്റ് കോട്ടയം | 150000/- വികസനഫണ്ട് (ജനറൽ) | 67/13.8.21 | കോട്ടയം ജില്ലാപഞ്ചായത്ത് |
| 4 | 38/22 ലൈഫ് പാർപ്പിടപദ്ധതി (എസ്.സി.പി) ബ്ളോക്ക് വിഹിതം | 25,20,400/- വികസനഫണ്ട്(എസ്.സി.പി) | 9/3.6.21 = 10,20,000/- 26/20.7.21 = 600000/- 35,36 /22.6.21 = 220000 27/5.7.21 = 680400/- | കടുത്തുരുത്തി , മുളക്കുളം, ഞീഴൂർ , വെള്ളൂർ പഞ്ചായത്തുകൾക്ക് |
| | ആകെ | 29,05991/- | | |

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 1/23.12.2022) നൽകുകയുണ്ടായി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ അതത് ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 2905991/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 22.12.2022-ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ വിവരം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് (കോട്ടയം) | 792000 | പി എം എ വൈ (ജി) ഭവനനിർമ്മാണം (98/22) | 792000 | |
| | 1234000 | പി എം എ വൈ (ജി) ആവാസ് പ്ലസ് ഭവനനിർമ്മാണം എസ്സിപി (122/22) | 1234000 | |
| | 1000000 | വനിത ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി (41/22) | 1000000 | 0 |
| ആകെ | 3026000 | | 3026000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം

തൻവർഷം വിവിധ പ്രോജക്ടുകൾക്കായി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയിട്ടുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 111/22 എസ്.സി.പി. കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ 5,6 വാർഡുകളിലെ പാലകര-ഗോവിന്ദപുരം ഭാഗത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,00,000 | 3,00,000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവ്, ചെലവ്, തിരിച്ചടവ് എന്നിവ ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-1 | 2007-08 | 3-35(1) | നബാർഡ്- റീ-ഇംബേഴ്സ് തുക തിരിമറി നടത്തി | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |
| 2006-07 | 3-11 | 2009-10 | 3-11 പൊതുഅവലോകനം | കെ.എസ്.ഇ.ബി നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |
| 2003-04 | 3-2 | 2006-07 | 3-31(1) | മരാമത്ത് പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റി, പദ്ധതി ഉപേക്ഷിച്ചു | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

തൻവർഷം ചാർജ്/ സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58212606 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54265498 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4019006 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 407900 | ശ്രീമതി ഷക്കീല കെ.എ, ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |

| | | |
|---|---|---|
| 1-17 | 148198 | ശ്രീ.എം.കെ. സജീവ് , അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-20 | 495804 | ശ്രീമതി വിദ്യ വേലായുധൻ, അസി. എഞ്ചിനീയർ |
| 1-23 | 61113 | ഡോ. സുധർമ്മണി റ്റി തങ്കപ്പൻ |
| 1-25 | 2905991 | ശ്രീ. ഷിനോദ് പി.ആർ, സെക്രട്ടറി |
| ആകെ | 4019006 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും- ഇല്ല

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.കെ.പി1/644/04തീയതി 23.10.14 | 1 |
| 1998-99 | കെഎസ്എ.കെടിഎം.പി15/1789/19/27.2.20 | 3 |
| 1999-00 | കെഎസ്എ.കെടിഎം.പി15/1002/19/28.9.19 | 7 |
| 2000-01,01-02 പ്ലാൻ | കെഎസ്എ.കെടിഎം.പി15/1645/19/26.2.20 | 5 |
| 2002-03 | എൽ.എഫ്.കെ.പി1/139/05തീയതി 2.7.05 | |
| 2003-04 | എൽ.എഫ്.കെ.പി1/472/06തീയതി 26.03.22/01.04.22 | 7 |
| 2004-05 | കെഎസ്എ.കെടിഎം.പി15/56/20/27.2.20 | 3 |
| 2005-06 | കെഎസ്എ.കെടിഎം.പി.15/1778/19/27.2.20 | 1 |
| 2006-07 | കെഎസ്എ.കെടിഎം.പി.15-1556/22 | 17 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.കെ.പി9/208/11 തീയതി 11.6.13 | |
| 2008-09 | കെഎസ്എ.കെടിഎം.പി15/106/20/4.11.20 | 7 |
| 2009-10 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(4)/18, 07.05.18 | 10 |
| 2010-11 | കെഎസ്എ.കെടിഎം.പി.15/512/19/8.5.19 | 6 |
| 2011-12 | കെഎസ്എ.കെടിഎം.പി.15/513/19/8.5.19 | 2 |
| 2012-13 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(7)/18, 07.05.18 | 3 |
| 2013-14 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(8)/18, 07.05.18 | 2 |
| 2014-15 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(9)/18, 07.05.18 | 3 |
| 2016-17 | കെഎസ്എ-കെടിഎം.പി.15-877/20/4.1.20 | 2 |
| 2017-18 | കെഎസ്എ-കെടിഎം.പി.15-401/20/6.5.20 | 3 |
| 2018-19 | കെഎസ്എ-കെടിഎം.പി.15/991/20/6.10.20 | 11 |
| 2019-20 | നം.കെഎസ്എ-കെടിഎം.പി15/780/2020 /19.3.22 | 13 |
| 2020-21 | നം.കെഎസ്എ-കെടിഎം.പി15/22/25.05.22 | 36 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്